ഖുത്വ്ബ
21.11.2008
ബയ്ത്തുല്‍ ഫുതൂഹ്, ലണ്ടന്‍

بِسْــــــــمِ اللهِ الرَّحْمٰنِ الرَّحِيْــــــــمِ

# ഇസ്തിഖാമത്തിനായി നിരന്തരം പ്രാര്‍ത്ഥിക്കുക

رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِن لَّدُنكَ رَحْمَةً إِنَّكَ أَنتَ الْوَهَّابُ

**ഞങ്ങളുടെ നാഥാ! നീ ഞങ്ങളെ നേര്‍വഴിയിലാക്കിയതിനുശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചുകളയരുതേ! നീ ഞങ്ങള്‍ക്ക് നിന്റെയടുക്കല്‍ നിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ! നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ ദാതാവ് (3:9)**

ഞാന്‍ ഓതിക്കേള്‍പ്പിച്ച ആയത്തിന്റെ അര്‍ത്ഥം നിങ്ങള്‍ കേട്ടുകഴിഞ്ഞു. ഇതില്‍ അല്ലാഹുവിന്റെ വഹ്ഹാബ് എന്ന ഗുണനാമം മുന്നില്‍വെച്ചുകൊണ്ട് മതത്തില്‍ സ്ഥിരചിത്തത ലഭിക്കുവാനുള്ള പ്രാര്‍ത്ഥനയാണ് അടങ്ങിയിരിക്കുന്നത്. ഇതില്‍ നാം ഇപ്രകാരം പ്രാര്‍ത്ഥിക്കുന്നു, കാലഘട്ടത്തില്‍ അവതീര്‍ണ്ണരായ ഇമാമിനെ വിശ്വസിക്കുവാനുള്ള തൗഫീഖ് ഞങ്ങള്‍ക്ക് ലഭിച്ചിരിക്കുകയാണ്. തിരുനബി (സ.അ) യുടെ പ്രവചനം സാക്ഷാത്കരിക്കുവാനുള്ള തൗഫീഖ് അല്ലാഹുവേ നീ ഞങ്ങള്‍ക്ക് നല്‍കിയിരിക്കുകയാണ്. നിന്റെ പ്രിയരുടെ പ്രാര്‍ത്ഥന സ്വീകരിച്ചുകൊണ്ട് ആഖരീങ്ങളില്‍ തിരുനബിയുടെ വിനീതശിഷ്യനെ നീ അയച്ചു. നിന്റെ കാരുണ്യവും കൃപയും കൊണ്ട് അദ്ദേഹത്തിന്റെ ജമാഅത്തില്‍ അംഗങ്ങളായി ച്ചേരാനുള്ള തൗഫീഖും നീ ഞങ്ങള്‍ക്ക് നല്‍കിയിരിക്കുകയാണ്. നിന്റെ പ്രിയനായ തിരുനബി (സ) ചെയ്തിരിക്കുന്ന ഓരോ പ്രവചനവും തീര്‍ച്ചയായും നിന്നില്‍ നിന്ന് ലഭിച്ചുകൊണ്ടാണ് ആ പുണ്യാത്മാവ് ചെയ്തിട്ടുള്ളത്. അതില്‍ ഒന്ന് മസീഹ് മൗഊദിനുശേഷം സ്ഥായിയായി നിലനില്‍ക്കുന്ന ഖിലാഫത്തിനെക്കുറിച്ചുള്ള പ്രവചനമാണ്. ആ ഖിലാഫത്തിനോട് ഒട്ടിച്ചേര്‍ന്ന് നില്‍ക്കുവാനുള്ള തൗഫീഖും അല്ലാവുവേ നീ ഞങ്ങള്‍ക്ക് നല്‍കിയിരിക്കുകയാണ്. വാഗ്ദത്ത മസീഹിന്റെ ജമാഅത്തുമായി ബന്ധപ്പെട്ടുകിടക്കുന്ന എല്ലാ അനുഗ്രഹങ്ങളും കരഗതമാകുന്നത് ഈ ഖിലാഫത്ത് സംവിധാനവുമായി ഒട്ടിപ്പിടിച്ചു നില്‍ക്കുമ്പോഴാണ്. അതുകൊണ്ട് അല്ലാവുവേ നീ ഞങ്ങള്‍ക്ക് നല്‍കിയിരിക്കുന്ന ഈ അനുഗ്രഹങ്ങളും കൃപയും ഞങ്ങളുടെ ഏതെങ്കിലും തെറ്റുകുറ്റങ്ങള്‍കൊണ്ടോ വൈകല്ല്യങ്ങള്‍ കാരണമായോ ഞങ്ങളില്‍നിന്നും ഒരിക്കലും അകറ്റിക്കളയരുതേ!

മനുഷ്യന്‍ തിന്മയാല്‍ നിറഞ്ഞിരിക്കുന്നു. തെറ്റുകുറ്റങ്ങളും പോരായ്മകളും അവനില്‍ നിന്നുണ്ടാകുന്നു. അല്ലാഹുവേ ഞങ്ങള്‍ നിന്റെ മുമ്പില്‍ കുമ്പിട്ടുകൊണ്ട് നിന്നോട് ഇപ്രകാരം തേടുകയാണ്, ഞങ്ങളുടെ അഹങ്കാരമോ, പൊങ്ങച്ചമോ, അഹന്തയോ കാരണമായി അതുമല്ലെങ്കില്‍ ഞങ്ങളുടെ ഏതെങ്കിലും കൊള്ളരുതാത്ത പ്രവൃത്തി മുഖേനയോ ഞങ്ങളുടെ ഹൃദയം വക്രമായിപ്പോകുന്ന ആ ദിനം നീ ഒരിക്കലും കാണിക്കരുതേ. നിന്റെ ദൃഷ്ടിയില്‍ അനിഷ്ടകരമായിട്ടുള്ള പ്രവര്‍ത്തനങ്ങള്‍ മുഖേന നിന്റെ കാരുണ്യ ത്തില്‍ നിന്നും ഞങ്ങളെ അകറ്റിക്കളയുന്ന രീതിയില്‍ ഞങ്ങളുടെ ഹൃദയങ്ങളെ നീ ഒരിക്കലും വക്രമാക്കിക്കളയരുതേ. അതുകൊണ്ട് നിന്റെ അപ്രീതി കരസ്ഥമാക്കുന്ന ആ നിമിഷങ്ങളില്‍നിന്നും നീ ഞങ്ങളെ രക്ഷിക്കേണമേ.

ഇവിടെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളില്‍നിന്ന് അകറ്റപ്പെടരുതെ എന്ന പ്രാര്‍ത്ഥന മാത്രമല്ല പഠിപ്പിച്ചിട്ടുള്ളത്, മറിച്ച് ഈ മാര്‍ഗ്ഗത്തില്‍ നിലനില്‍ക്കുകയും എല്ലാ തിന്മകളില്‍ നിന്നും എപ്പോഴും രക്ഷപ്പെട്ടുകൊണ്ടിരിക്കുകയും നിന്റെ കാരുണ്യത്തിന്റെ പുതപ്പില്‍ നീ ഞങ്ങളെ എന്നെന്നും പൊതിയേണമേ എന്നുമുള്ള പ്രാര്‍ത്ഥന അടങ്ങിയിരിക്കുന്നു. ഞങ്ങളുടെ വിശ്വാസത്തില്‍ നിത്യവും വര്‍ദ്ധനവുണ്ടാകേണമേ എന്നും നാം പ്രാര്‍ത്ഥിക്കുന്നു. നാം വിശ്വാസത്തിലും ദൃഢതയിലും തഖ്‌വയിലും ഉയരുമാറാകട്ടെ. നമ്മുടെ ഓരോരും ദിവസവും കഴിഞ്ഞുപോയ ദിവസത്തേക്കാള്‍ വിശ്വാസത്തിലും തഖ്‌വയിലും വര്‍ദ്ധനവുണ്ടാക്കുന്നതായിത്തീരട്ടെ. അതുകൊണ്ട് ഈ സുന്ദരമായ പ്രാര്‍ത്ഥന ഓരോ അഹ്മദിയും തന്റെ നിത്യജീവിതത്തിന്റെ ഭാഗമാക്കിമാറ്റേണ്ടതാണ്. ഇത് നാം സ്ഥിരമായി ചെയ്തുകൊണ്ടിരിക്കുകയാണെങ്കില്‍ നമ്മുടെ ബലഹീനതകളെ കുറിച്ച് പരിചിന്തിനം ചെയ്യുന്നവരായി നാം മാറുന്നതാണ്. ആരാധനയിലേക്ക് ശ്രദ്ധിക്കുന്നവരും ആരാധനയും നമസ്കാരവും കാത്തുസൂക്ഷിക്കുന്നവരുമായി നാം മാറുന്നതാണ്. ഇങ്ങിനെയാകുമ്പോള്‍ നമ്മുടെ നമസ്കാരം നമ്മേ സംരക്ഷിക്കുകയും ചെയ്യുന്നതാണ്.അല്ലാഹുവിന്റെ ദൃഷ്ടിയില്‍ ഇഷ്ടപ്പെടുന്ന പ്രവൃത്തികള്‍ ചെയ്യുന്നവരുടെ ഗണത്തില്‍ നാം ഉള്‍പ്പെടുകയും ചെയ്യുന്നതാണ്. കാരണം ഈ പ്രവര്‍ത്തനങ്ങളാണ് വിശ്വാസത്തില്‍ വര്‍ദ്ധനവുണ്ടാക്കുന്നതിന് കാരണമായിത്തീരുന്നത്.

വിശുദ്ധ ഖുര്‍ആനില്‍ അല്ലാഹുതആല പറയുന്നു,

വിശ്വസിക്കുകയും അവസരോചിതമായ സല്‍പ്രവൃത്തികള്‍ ചെയ്യുകയും ചെയ്തവര്‍ക്ക് അവരുടെ നാഥന്‍

അവരുടെ വിശ്വാസം കാരണമായി അവർക്ക് ഹിദായത്ത് നൽകുന്നതാണ്. വിശ്വാസത്തോടൊപ്പം സൽപ്രവൃത്തികൾ ഹിദായത്ത് ലഭിക്കുവാനുള്ള കാരണമായിത്തീരുന്നു എന്ന അല്ലാഹുവിന്റെ വാഗ്ദാനം നിലനിൽക്കെ ഒരു മുഅ്മിൻ رَبَّنَا لَا تُزِغْ قُلُوبَنَا എന്ന പ്രാർത്ഥന ചെയ്യുമ്പോൾ അതിന്റെ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടുന്നതിന് അവൻ പരിശ്രമിക്കുന്നു. അതോടൊപ്പം തന്റെ വിശ്വാസത്തിൽ സ്ഥിരചിത്തത കൈവരിക്കുന്നതിന്നും എല്ലാ വിധ വക്രതയിൽനിന്നും രക്ഷപ്പെടുന്നതിന്നും ദുആ ചെയ്യുന്നതോടൊപ്പം തന്റെ പ്രവർത്തനം അല്ലാഹു കൽപ്പിച്ചതനുസരിച്ച് രൂപപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്യുന്നതാണ്. നമ്മുടെ വിശ്വാസം സംരക്ഷിക്കുന്നതിന്നായി നാം ചെയ്യുന്ന ദുആകൾ സ്വീകരിക്കപ്പെടണമെങ്കിൽ നാം ആരാധനകൾ സ്ഥിരതയോടുകൂടി അനുവർത്തിക്കുന്നവരും സദ് പ്രവൃത്തികൾ ചെയ്യാൻ പരിശ്രമിക്കുന്നവരും ആയിത്തീരേണ്ടതാണ്. ജമാഅത്തിന്റെ സംവിധാനവുമായി, നിസാമുമായി സുദൃഢ ബന്ധം സ്ഥാപിക്കുന്നവരായി നാം മാറേണ്ടതാണ്. കൊച്ചുകൊച്ചു ഭൗതികകാര്യങ്ങൾ ഒരിക്കലും വിശ്വാസത്തിന്ന് മങ്ങലേൽപ്പിക്കുന്നവയായി മാറരുത്. ജമാഅത്തിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോടുള്ള വ്യക്തിപരമായ വിദ്വേഷത്തിന്റെ പേരിൽ ജമാഅത്തിന്റെ സംവിധാനത്തെ കുറ്റപ്പെടുത്തുന്നുവരായി മാറരുത്.

ഈ ദുആ മനുഷ്യൻ ചെയ്യുമ്പോൾ വഴികളിലെ അപകടങ്ങൾ തരണം ചെയ്യാൻ അവൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യേണ്ടതാണ്. ഏതെങ്കിലും ഒരു വ്യക്തിയെക്കുറിച്ച് തന്റെ കാഴ്ചപ്പാടനുസരിച്ച് ജമാഅത്ത് തെറ്റായ തീരുമാനം എടുത്തിരിക്കുന്നു എന്ന് തോന്നുകയാണെങ്കിൽ തന്നെയും അപ്പീലിനുപോകാനുള്ള അവകാശം വിനിയോഗിച്ചതിനുശേഷം ബാക്കി കാര്യങ്ങൾ അല്ലാഹുവിലേക്ക് വിടേണ്ടതാണ്. അല്ലാതെ ജമാഅത്ത് സംവിധാനത്തെ ഒന്നടങ്കം സംശയദൃഷ്ടിയോടെ നോക്കിക്കാണരുത്.

ഭൗതിക നഷ്ടങ്ങളെ അല്ലാഹുവിൽനിന്നുള്ള പരീക്ഷണമായിക്കണ്ട് അത് സഹിക്കുവാനുള്ള കരുത്ത് ആർജ്ജിക്കുക. അതല്ലാതെ പരാതികൾ തുടങ്ങിയാൽ അത് വർദ്ധിക്കും തോറും ജമാഅത്തുമായി അകലാനും ഖിലാഫത്തിനെക്കുറിച്ച് ദുർധാരണ ഉണ്ടാകാനും ഇടവരുന്നു.

ചുരുക്കത്തിൽ അല്ലാഹു നമുക്ക് പഠിപ്പിച്ചുതന്ന ദുആകളിൽ ഒന്ന് നമ്മുടെ ഹൃദയത്തിൽ ഒരിക്കലും ജമാഅത്തിന്റെ നിസാമിനോട് ഒരു തരത്തിലുമുള്ള അനാദരവും ഉണ്ടാകാതിരിക്കട്ടെ എന്നും അല്ലാഹുവിന്റെ ഇംഗിതമനുസരിച്ചുള്ളു പ്രവർത്തനം നമുക്ക് കാഴ്ചവെക്കാൻ സാധിക്കട്ടെ എന്നും നിസാമിന് നമ്മെക്കുറിച്ച് ഒരു പരാതിയും ഇല്ലാതിരിക്കുമാറാകട്ടെ എന്നും അടങ്ങിയിരിക്കുന്നു.

ഇനി നമ്മുടെ മാനുഷികമായ വൈകല്യങ്ങൾ കാരണം എന്തെങ്കിലും പരീക്ഷണത്തിൽ നാം അകപ്പെട്ടുപോയിട്ടുണ്ടെങ്കിൽ തന്നെയും നമ്മുടെ വിശ്വാസത്തിന് ക്ഷതമേൽക്കുന്ന ഒരുപ്രവൃത്തിയും ഇല്ലാതിരിക്കുമാറാകട്ടെ എന്നും പ്രാർത്ഥിക്കുന്നു. ഇതേപോലെ ജമാഅത്ത് സംവിധാനത്തോട് വെറുപ്പും വിദ്വേഷവും ഒരിക്കലും ഇല്ലാതിരിക്കുമാറാകട്ടെ. ഇതിനെല്ലാം അല്ലാഹുവിന്റെ അനുഗ്രഹങ്ങളും കാരുണ്യവും അനിവാര്യമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ബൈഅത്തിൽ വന്നതിനുശേഷം നാം അശ്രദ്ധരായിരിക്കാൻ പാടില്ല. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെക്കുറിച്ചുള്ള അന്വേഷണം ആദ്യത്തേക്കാളുപരി ഉണ്ടായിരിക്കേണ്ടതാണ്.

അല്ലാഹു പൂർവ്വകാലപ്രവാചക സമൂഹങ്ങളുടെ വൃത്താന്തം വിവരിക്കുവാനുള്ള കാരണം അവരും കരുതിയിരുന്നത് 'ഞങ്ങൾ ഏതായാലും വിശ്വസിച്ചിരിക്കുന്നു ഇനി പുതിയ ഹിദായത്തിന്റെ ആവശ്യമൊന്നും ഞങ്ങൾക്കില്ല' എന്നതായിരുന്നു. യഹൂദികളുടെയും കൃസ്ത്യാനികളുടെയും വൃത്താന്തവും അല്ലാഹു വിവരിച്ചത് അവർ ഭാവിയിൽ വരാനിരുന്ന ഹിദായത്തിനെ അവർ വിശ്വസിക്കാതെ, വഴികേടിലായവരിൽ ഉൾപ്പെടുകയുണ്ടായി എന്നതുകൊണ്ടാണ്. ദുർധാരണ വളരുമ്പോൾ തന്റെ അറിവിന്റെയും ചിന്താഗതിയുടെയും അടിസ്ഥനത്തിൽ മനുഷ്യന്റെ ബുദ്ധി പരിമിതമാകുന്നു. ഇക്കൂട്ടരുടെ വഴികേടിനുള്ള കാരണവും ഇതായിരുന്നു. അവരുടെ ഹൃദയം വക്രമായി എന്നുമാത്രമല്ല അല്ലാഹു അവരെ കോപിക്കപ്പെട്ടവരുടെയും വഴിപിഴച്ചവരുടെയും ഗണത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. അല്ലാഹു തആല നമസ്കാരത്തിന്റെ ഓരോ റക്കഅത്തിലും സൂറ ഫാതിഹ ചൊല്ലാൻ നമ്മോട് കൽപ്പിച്ചിരിക്കുന്നതിന്റെ കാരണം മുമ്പുള്ളവരിൽനിന്ന് പാഠം ഉൾക്കൊണ്ടുകൊണ്ട് എപ്പോഴും നാം അല്ലാഹുവിന്റെ കൃപയും കാരുണ്യവും തേടിക്കൊണ്ടിരിക്കുന്നതിന്ന് വേണ്ടിയാണ്. ഹൃദയങ്ങൾ വക്രമായിപ്പോകുന്നതിൽ നിന്ന് രക്ഷപ്പെടുക. ജൂത കൃസ്ത്യാനികളുടെ ആത്മീയ കാഴ്ച നഷ്ടപ്പെടുകയും അല്ലാഹുവിനെ അവർ മറന്നുകളയുകയും ചെയ്തതു പോലെ നിങ്ങളും മറന്നുപോകുന്നതിന് ഇടവരരുത്. എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ അഞ്ചേനേര നമസ്കാരങ്ങളിൽ ഈ രീതിയിൽ പ്രാർത്ഥന ചെയ്തുകൊണ്ടിരുന്നിട്ടും മുസ്ലിംകളിൽ അധികം പേരും അല്ലാഹുവിൽനിന്നും അകറ്റിക്കളയുന്ന പാതയാണ് പിൻപറ്റുന്നത്. ഇതിന്റെ അടിസ്ഥാനകാരണം ദുർധാരണയും തങ്ങളെ സ്വയം വലിയ പണ്ഢിതരായി ധരിക്കുകയും ചെയ്യുന്നതു കൊണ്ടാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു, സൂറ ഫാത്തിഹയിൽ അല്ലാഹു തആല മുസ്ലിംകൾക്ക്

اِهْدِنَا الصِّرَاطَ الْمُسْتَقِيمَ ۝ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ
غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ ۝

എന്ന ദുആ പഠിപ്പിച്ചിരിക്കുന്നു. ഹദീസുകളിൽനിന്നും മനസ്സിലാകുന്നത് مَغْضُوبِ عَلَيْهِمْ എന്നതുകൊണ്ട് അർ

ത്ഥമാക്കുന്നത് വഞ്ചകരും ആജ്ഞാലംഘകരുമായ യഹൂദികളാണെന്നാണ്. അവർ ഹദ്റത്ത് മസീഹിനെ കാഫിറാക്കി മുദ്ര കുത്തി. അദ്ദേഹത്തെ വധിക്കാൻ ശ്രമിക്കുകയും അദ്ദേഹത്തെ നിന്ദിക്കുകയും അപമാനിക്കുകയും ചെയ്തു. അവർ ഹദ്റത്ത് ഈസ (അ) നുമേൽ ശാപം ചൊരിഞ്ഞു. വിശുദ്ധഖുർആൻ ഇത് സംബന്ധമായി പറയുന്നുണ്ട്.

ضَّآلِّينَ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഹദ്റത്ത് ഈസ (അ) നെ ദൈവമായി അംഗീകരിക്കുകയും ത്രിത്വത്തെ സ്വീകരിക്കുകയും ചെയ്ത വഴികേടിലായ ക്രിസ്ത്യാനികളാണ്. മസീഹിലൂടെയാണ് മോക്ഷം എന്നവർ കണക്കുക്കൂട്ടി. അദ്ദേഹത്തെ അവർ ജീവനുള്ള ദൈവത്തിന്റെ സിംഹാസനത്തിൽ ഉപവിഷ്ഠനാക്കുകയും ചെയ്തു.

ഇവിടെ നാം ഈ ദുആ ചെയ്യുമ്പോൾ അതിന്റെ അർത്ഥം അല്ലാഹുവേ നീ ഞങ്ങളോട് കരുണ ചൊരിയേണമേ, മസീഹിനെ കാഫിറാണെന്ന് മുദ്രകുത്തുകയും അദ്ദേഹത്തെ വധിക്കാൻ ശ്രമിക്കുയും ചെയ്ത യഹൂദികളിൽ നീ ഞങ്ങളെ ഉൾപ്പെടുത്തരുതേ, ഞങ്ങളെ മസീഹിനെ ദൈവമാക്കുന്നവരിലും ത്രിത്വത്തിൽ വിശ്വസിക്കുന്നവരിലും ഉൾപ്പെടുത്തുകയും ചെയ്യരുതേ എന്നുമാണ്. അവസാനകാലത്ത് ഈ ഉമ്മത്തിൽ നിന്ന് വാഗ്ദത്തമസീഹ് വരുന്നതാണെന്നും യഹൂദികളോട് താദാത്മ്യം പുലർത്തുന്ന ചില മുസ്ലിം പണ്ഡിതന്മാർ ആ മസീഹിനെ കാഫിറായി മുദ്രകുത്തുമെന്നും അദ്ദേഹത്തെ വധിക്കാൻ ശ്രമിക്കുമെന്നും അദ്ദേഹത്തെ നിന്ദിക്കുകയും അപമാനിക്കുകയും ചെയ്യുമെന്നും ആ കാലത്ത് ത്രിത്വം പ്രഘോഷിക്കുന്ന മതം ശക്തി പ്രാപിക്കുമെന്നും ദൗർഭാഗ്യരായ പലരും ക്രിസ്ത്യാനികളായി ത്തീരുമെന്നും അല്ലാഹുവിന്നറിയാമായിരുന്നതു കൊണ്ടാണ് അല്ലാഹു മുസ്ലിംകൾക്ക് ഈ ദുആ പഠിപ്പിച്ചിരിക്കുന്നത്. ഇവിടെ مَغۡضُوبِ عَلَيۡهِمۡ എന്ന വാക്ക് വിളിച്ചു പറയുന്നത് ഇസ്ലാമിൽ വരുന്ന മസീഹിനെ നിഷേധിക്കുന്നവർ مَغۡضُوبِ عَلَيۡهِمۡ എന്നവരുടെ ഗണത്തിൽ പെടുന്നതാണെന്നാണ്. ഇസ്രായീലി മസീഹിനെ നിഷേധിച്ചവരും مَغۡضُوبِ عَلَيۡهِمۡ എന്ന ഗണത്തിലാണ് ഉൾപ്പെട്ടിരുന്നത്.

അതുകൊണ്ട് നാം അഹ്മദികൾ മസീഹിനെ അംഗീകരിച്ചുകൊണ്ട് مَغۡضُوبِ عَلَيۡهِمۡ എന്ന ഗണത്തിൽ ഉൾപ്പെടുത്തരുതെന്ന ദുആയും നമ്മിൽ സ്വീകരിക്കപ്പെട്ടതായി നാം കണ്ടു. അതുപോലെ *ദ്വാല്ലീനിൽ* ഉൾപ്പെടുത്തരുതെന്ന ദുആയും നമ്മിൽ സ്വീകരിക്കപ്പെട്ടതായി കണ്ട അനുഗ്രഹീതരാണ്. നാം ഏകനായ അല്ലാഹുവിനെ ആരാധിക്കുന്നവരാണ്. അല്ലാഹു എപ്പോഴും നമ്മെ ഇതിൽ നിലനിർത്തുമാറാകട്ടെ.

നിങ്ങളുടെ ഹൃദയം വക്രമായിപ്പോകാതിരിക്കാനും ഒരിക്കലും കോപിക്കപ്പെട്ടവരിലും വഴിപിഴച്ചവരിലും ഉൾപ്പെടാതിരിക്കുവാനും നാം എപ്പോഴും ദുആ ചെയ്തുകൊണ്ടിരിക്കണമെന്നത് അല്ലാഹുവിന്റെ കൽപ്പനയാണ്. ഓരോ അഹ്മദിയും ഈ കൽപ്പന ഓർത്തിരിക്കേണ്ടതാണ്. മറ്റ് മുസ്ലിംകൾക്കും ഈ പ്രാർത്ഥന മനസ്സിലാക്കുവാനുള്ള തൗഫീഖ് അല്ലാഹു നൽകുമാറാകട്ടെ. അങ്ങിനെ മുസ്ലിം സമുദായം തിരുനബി(സ)ന്റെ സത്യസന്ധനായ പ്രേമിയുടെ ജമാഅത്തിൽ ചേർന്നുകൊണ്ട് ഏകസമുദായമായിത്തീരുന്ന പ്രത്യക്ഷകാഴ്ച കാണിക്കുന്നവരായിത്തീരട്ടെ. മുസ്ലിം എന്ന പേരിൽ അറിയപ്പെടുന്ന ഓരോരുത്തരും മസീഹിനെ എതിർക്കുന്നതിൽനിന്നും വിട്ടുനിന്നുകൊണ്ട് തിരുനബി(സ)ന്റെ പ്രവചനത്തെയും അല്ലാഹുവിന്റെ വചനത്തെയും സത്യപ്പെടുത്തുന്നവരായിത്തീരട്ടെ. നിസ്സാര പ്രശ്നങ്ങൾക്ക് പിന്നിൽ കൂടാതെ ഈ പ്രാർത്ഥനയുടെ യാഥാർത്ഥ്യം മനസ്സിലാക്കുന്നവരായി അവർ മാറട്ടെ.

ഹദീസുകളിൽ നിന്ന് മനസ്സിലാകുന്നത് തിരുനബി (സ)

رَبَّنَا لَا تُزِغۡ قُلُوبَنَا بَعۡدَ إِذۡ هَدَيۡتَنَا وَهَبۡ لَنَا مِن لَّدُنكَ رَحۡمَةً ۚ إِنَّكَ أَنتَ ٱلۡوَهَّابُ ۝

എന്ന ദുആ കൂടുതലായി ചൊല്ലാറുണ്ടായിരുന്നു എന്നാണ്. ഹദ്റത്ത് ശഅദ്ബ്നു ഔസത്ത് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറയുന്നു, ഞാൻ ഉമ്മുസൽമയോട് ചോദിച്ചു, ഉമ്മുൽ മുഅ്മിനീൻ, തിരുനബി (സ) താങ്കളുടെ അടുത്ത് ഉണ്ടായിരുന്നപ്പോൾ ഏത് ദുആയാണ് കൂടുതൽ ചൊല്ലാറുണ്ടായിരുന്നത്. ഇത് കേട്ടപ്പോൾ ഉമ്മുസൽമ (റ) പറഞ്ഞു, തുരുനബി(സ) ഇപ്രകാരം ദുആ ചെയ്യാറുണ്ടായിരുന്നു, **യാമുഖല്ലിബുൽ ഖുലൂബി സബ്ബിത്ത് ഖൽബീ അലാ ദീനിക്ക.**

*ഹൃദയത്തെ മാറ്റിമറിക്കുന്നവനെ, എന്റെ ഹൃദയത്തെ നിന്റെ ദീനിൽ അടിയുറപ്പിച്ചു നിർത്തേണമേ.* ഉമ്മുസൽമ വിവരിക്കുന്നു, തിരുനബി (സ) ഈ ദുആ സ്ഥിരമായി ചെയ്തുകൊണ്ടിരിക്കുവാനുള്ള കാരണം ഞാൻ അന്വേഷിച്ചു. അപ്പോൾ തിരുനബി (സ) അരുളി, *ഉമ്മുസൽമാ! മനുഷ്യരുടെ ഹൃദയം അല്ലാഹുവിന്റെ രണ്ട് വിരലുകൾക്കിടയിലാണ്. ആർക്കാണോ സ്ഥിരചിത്തത നൽകാൻ അവൻ ഉദ്ദേശിക്കുന്നത് അവന്ന് സ്ഥിരചിത്തത നൽകുന്നു. ആർക്കാണോ സ്ഥിരചിത്തത നൽകാൻ ഉദ്ദേശിക്കാത്തത് അവരുടെ ഹൃദയം വക്രമാക്കിക്കളയുകയും ചെയ്യുന്നു.*

ഇത് നമ്മെ ചിന്താകുലരാക്കേണ്ടതാണ്. നമ്മുടെ ഹൃദയം വക്രമാകാതിരിക്കാൻ എന്തുമാത്രം ദുആയാണ് നാം ചെയ്തുകൊണ്ടിരിക്കേണ്ടത്? ദുർധാരണകളും കൊച്ചു കൊച്ചു പരാതികളും നമ്മെ ദീനിൽനിന്ന് വളരെ അകറ്റികളയുന്നതായിത്തീരുന്നു. തിരുനബി (സ) യുടെ ഹൃദയം നഊദുബില്ലാ വക്രമായിപ്പോകുമായിരുന്നോ? ഇല്ല, ഒരിക്കലുമില്ല. അങ്ങയുടെ ഹൃദയം അല്ലാഹുവിന്റെ സ്മരണയിൽ നിറഞ്ഞിരിക്കുകയായിരുന്നു. അതുകൊണ്ടാണ് അല്ലാഹു ഇപ്രകാരം പ്രഖ്യപിച്ചത്,

فَٱتَّبِعُونِى يُحْبِبْكُمُ ٱللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ (3:32)

എന്നെ പിൻപറ്റുക. ഇതിന്റെ ഫലമായി അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. തിരുനബി (സ) ന്റെ ഹൃദയം വക്രമായിപോകുന്ന പ്രശ്നമേ ഉദിക്കുന്നില്ല, മറിച്ച് അങ്ങയെ പിൻപറ്റുന്നത് നമ്മുടെ തിന്മകൾ പൊറുക്കപ്പെടുന്നതിന് കാരണമായിത്തീരുന്നു. തിരുനബിയുടെ അനക്കമടക്കവും ജീവിതവും മരണവും എല്ലാം അല്ലാഹുവിന്ന് വേണ്ടി മാത്രമായിരുന്നു. അവിടുന്ന് അരുളി, എന്റെ കണ്ണുകൾ ഉറങ്ങുന്നുണ്ടെങ്കിലും ഹൃദയം അപ്പോഴും അല്ലാഹുവിന്റെ സ്മരണയിലാണുള്ളത്. തിരുനബി (സ) യുടെ പ്രാർത്ഥന നമുക്ക് ഒരു മാതൃക കാണിക്കുന്നതിനു വേണ്ടിയുള്ളതാണ്. തന്റെ ഉമ്മത്തിന്റെ ഹൃദയം ഒരിക്കലും വക്രമാകാതിരിക്കുന്നതിനുവേണ്ടിയുള്ള പ്രാർത്ഥനയായിരുന്നു അത്. മസീഹ് മഹ്ദിയുടെ ആഗമന കാലം വന്നാൽ അവർ എല്ലാവരും മസീഹ് മഹ്ദിയെ അംഗീകരിക്കുന്നവരായിത്തീരട്ടെ എന്നതായിരുന്നു പ്രാർത്ഥന. മുസ്‌ലിം ലോകം ഈ സുപ്രധാനകാര്യം മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായേനെ! സത്യത്തെ അംഗീകരിച്ചവരുടെ സന്താനങ്ങളായി ജനിക്കുകയും സത്യത്തെ സ്വീകരിക്കുകയും അതിന്നായി എല്ലാ ത്യാഗങ്ങളും ചെയ്യുകയും ചെയ്തതിനുശേഷവും ഈ സത്യമാർഗ്ഗത്തിൽനിന്നും വ്യതിചലിക്കുക എന്നതിനേക്കാളും വേദനാജനകമായി മറ്റെന്താണുള്ളത്. അല്ലാഹുവിന്റെ കൃപ കാണുകയും അതിൽ ഭാഗവാക്കാകുകയും ചെയ്തതിനുശേഷം അല്ലാഹുവിന്റെ കോപത്തിനു പാത്രമായിത്തീരുക എന്നത് എന്ത് മാത്രം ദൗർഭാഗ്യകരമാണ്. മുസ്‌ലിം ലോകം ഈ കാര്യം ചിന്തിച്ചിരുന്നെങ്കിൽ. ഈ കാലഘട്ടത്തിലെ മുസ്‌ലിം ലോകത്തിന്റെ അവസ്ഥ അല്ലാഹുവിന്റെ കോപത്തിന് ഇവർ പാത്രമായിട്ടുണ്ടെന്ന് വിളിച്ചുപറയുന്നതല്ലെ? അല്ലാഹു ഇവരോട് കരുണ ചൊരിയുമാറാകട്ടെ.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹദ്റത്ത് ഇബ്റാഹീം (അ) ന്റെയും ഹദ്റത്ത് ഇസ്മാഈൽ (അ) ന്റെയും തിരുനബി (സ) ന്റെയും പ്രാർത്ഥനയുടെ ഫലമായി വാഗ്ദത്ത മസീഹ് ആഗതരാകുകയുണ്ടായി. ഈ മസീഹിനെ മുസ്‌ലിംകൾ തിരസ്കരിക്കുവാനുള്ള കാരണം ഞങ്ങൾക്കിനിയൊരു വഴികാട്ടിയുടെയും ആവശ്യമില്ല എന്ന് അവർ മനസ്സിലാക്കിയതുകൊണ്ടാണ്. മുസ്‌ലിം സമുദായം വാഗ്ദത്തമസീഹിനെ അംഗീകരിക്കുക എന്നത് ഇന്നുള്ള നാമധാരികളായ മുസ്‌ലിം മുല്ലാക്കൾക്ക് ഒരിക്കലും ഗുണം ചെയ്യില്ല. ഇതുമൂലം അവരുടെ വരുമാനം നിലച്ചുപോകുന്നതാണ്. അവരുടെ ഈ കാര്യലാഭത്തിന്നായി അവർ പറയുന്ന ന്യായം തിരുനബി (സ) ക്കുശേഷം ഒരു നബിയോ മുസ്‌ലിഹോ ഇനിവരില്ല എന്നാണ്. ഇനി ഒരാൾ വരികയാണെങ്കിൽ അത് ഖതമുന്നുബുവ്വത്തിന് വ്യതിയാനം ഉണ്ടാക്കുന്നതാണെന്നും അവർ പറയുന്നു. പിന്നീട് അവർ പറയുന്ന ന്യായം ഖുർആൻ മജീദ് ഞങ്ങളുടെ മുമ്പിൽ ഉള്ളതുകൊണ്ട് ഇനി ഒരു മസീഹിന്റെയോ മഹ്ദിയുടെയോ ആവശ്യം ഞങ്ങൾക്കില്ല എന്നുമാണ്. ഇതെല്ലാമായിരുന്നിട്ടുകൂടി അവർ ഖിലാഫത്തിന്റെ ആവശ്യകതയെ ഒരിക്കലും തള്ളിപ്പറയുന്നില്ല. ഇതുസംബന്ധമായി ഞാൻ മുമ്പൊരിക്കൽ വിശദമായി പ്രതിപാദിച്ചിരുന്നു. എന്നാൽ മസീഹ് മൗഊദിന്റെ ആഗമനമില്ലാതെ ഖിലാഫത്തിനെകുറിച്ച് ചിന്തിക്കാൻപോലും സാധ്യമല്ലെന്ന കാര്യം അജ്ഞന്മാർ അറിയുന്നില്ല. വാഗ്ദത്തമസീഹ് തിരുനബി (സ) ന്റെ ഉമ്മത്തിൽ നിന്ന് വരിക എന്നതു തന്നെയാണ് തിരുനബി (സ) ഖാത്തമുന്നബിയ്യീൻ ആണെന്നതിന്ന് വ്യക്തമായ തെളിവ്. ഇക്കൂട്ടർ ഖുർആൻ ഞങ്ങൾ മനസ്സിലാക്കിയിരിക്കുന്നു എന്ന് വീരവാദം പുറപ്പെടുവിക്കുന്നുണ്ടെങ്കിലും ഇക്കാര്യങ്ങളൊന്നും ഇവർക്ക് മനസ്സിലാകുന്നില്ല. ഇവർക്ക് മനസ്സിലാക്കാനും സാധ്യമല്ല. വിശുദ്ധഖുർആൻ ഉള്ളതുകൊണ്ട് ഞങ്ങൾക്കിനി ആരുംവേണ്ട എന്ന ഇവരുടെ വാദം നിരർത്ഥകമാണെന്ന് ഇതിൽനിന്നുതന്നെ തെളിയുന്നു. അല്ലാഹു തആലാ സ്വയം തിരഞ്ഞെടുക്കുന്നവരിലാണ് വിശുദ്ധ ഖുർആന്റെ ജ്ഞാനം തുറക്കപ്പെടുന്നത്. ഇക്കാലത്ത് വിശുദ്ധഖുർആന്റെ ജ്ഞാനം നമുക്ക് വെളിപ്പെടുത്തിത്തന്നിരിക്കുന്നത് അല്ലാഹുതആല തിരഞ്ഞെടുത്ത ഹദ്റത്ത് മസീഹ് മൗഊദ് (അ) മാത്രമാണ്. വിശുദ്ധ ഖുർആന്റെ ജ്ഞാനങ്ങൾ കരഗതമാകുന്ന മാർഗ്ഗങ്ങൾ ആ മഹാത്മാവ് നമുക്ക് കാണിച്ചുതന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിടത്ത് പറയുന്നു,

ദീനി അറിവും പരിശുദ്ധ ജ്ഞാനവും കരസ്ഥമാക്കുന്നതിന്നായി ആദ്യമായി വിശുദ്ധി കൈവരിക്കേണ്ടതും അവിശുദ്ധമാർഗ്ഗങ്ങൾ കൈവെടിയേണ്ടതും വളരെ അത്യാവശ്യമാണ്. അതുകൊണ്ടാണ് വിശുദ്ധ ഖുർആനിൽ അല്ലാഹുതആല പറഞ്ഞത്,

**ലാ യമസ്സുഹൂ ഇല്ലൽ മുത്തഹറൂൻ**

അല്ലാഹുവിന്റെ വിശുദ്ധ ഗ്രന്ഥത്തിലെ സൂക്ഷ്മ ജ്ഞാനങ്ങൾ പരിശുദ്ധ ഹൃദയമുള്ളവർക്ക് മാത്രമേ ഗ്രഹിക്കുവാൻ സാധിക്കുകയുള്ളൂ. പരിശുദ്ധ പ്രകൃതക്കാർക്കും സദ്കർമ്മങ്ങൾ അനുഷ്ഠിക്കുന്നവർക്കും മനസ്സിലാക്കാൻ സാധിക്കുന്നു. ഭൗതിക കുതന്ത്രങ്ങൾ കൊണ്ട് ആത്മീയജ്ഞാനങ്ങൾ ഒരിക്കലും കരഗതമാകുന്നതല്ല.

മറ്റൊരിടത്ത് ആ മഹാത്മാവ് പറയുന്നു,

*വിശുദ്ധ ഖുർആന്റെ ആന്തരികജ്ഞാനം അല്ലാഹു തന്റെ കരങ്ങളാൽ വിശുദ്ധീകരിച്ചവർക്ക് മാത്രമേ വെളിപ്പെടുത്തുകയുള്ളൂ.*

വീണ്ടും പറയുന്നു,

*മസീഹിന്റെയും മഹ്ദിയുടെയും ആവശ്യമേ ഞങ്ങൾക്കില്ലെന്നും ഖുർആൻ മതിയായതാണെന്നും ഞങ്ങൾ സദ്പന്ഥാവിലാണെന്നും അവർ പറയുന്നു, എന്നാൽ പരിശുദ്ധർക്കല്ലാതെ വിശുദ്ധ ഖുർആന്റെ ജ്ഞാനം*

*എത്തിപ്പിടിക്കാൻ സാധ്യമല്ലെന്നും അവർ അറിയുന്നു. ഇതുകാരണമാണ് അല്ലാഹു തന്റെ കരങ്ങളാൽ വിശുദ്ധീകരിക്കുകയും അല്ലാഹു സ്വയം ഉൾക്കാഴ്ച നൽകുകയും ചെയ്ത ഒരു വ്യാഖ്യാതാവിന്റെ ആവശ്യം നേരിട്ടിരിക്കുന്നത്.*

അതുകൊണ്ട് ഇക്കാലത്ത് അല്ലാഹു തന്റെ കരങ്ങളാൽ വിശുദ്ധീകരിച്ച വിശുദ്ധ ഖുർആന്റെ ആന്തര ജ്ഞാനങ്ങൾ നൽകിയ വ്യക്തി ഹദ്റത്ത് മസീഹ് മൗഊദ് (അ) മാത്രമാണ്. അതിനാൽ ഇവർ വാഗ്ദത്ത മസീഹിനെ എതിർത്തുകൊണ്ട് വിശുദ്ധ ഖുർആന്റെ ജ്ഞാനം കരസ്ഥമാക്കാൻ എത്രതന്നെ ശ്രമം നടത്തിയാലും ഒരിക്കലും അവർക്ക് അതിന്ന് സാധിക്കില്ല. വാഗ്ദത്ത മസീഹിനെ വിശ്വസിക്കുന്നതിന് ശ്രമിക്കാതെ എത്രതന്നെ ദുആ ചെയ്തുകൊണ്ടിരുന്നാലും ഇവരുടെ ഹൃദയം വക്രമായിത്തന്നെ ഇരിക്കുന്നതാണ്.

ഇവരുടെ ഈ അവസ്ഥ കാണുമ്പോൾ നമുക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ സൗഭാഗ്യം ലഭിച്ചതിന് അല്ലാഹുവിന് കൃതജ്ഞത പ്രകടിപ്പിക്കുന്നതോടൊപ്പം വക്രതയിൽനിന്ന് എല്ലായിപ്പോഴും രക്ഷപ്പെട്ടുകൊണ്ടിരിക്കാൻ നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കേണ്ടതുമാണ്. ലോകം ഭൗതികതയിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയും ദൈവത്തെ മറന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ അവസരത്തിൽ ആദ്യത്തേക്കാളുപരി നമുക്ക് ലഭിച്ച ഈ അനുഗ്രഹം നമ്മിൽ നിന്ന് പിൻതള്ളപ്പെടാൻ ഇടയാകരുതെന്ന് പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയും വേണം. അല്ലാഹു നമുക്ക് എപ്പോഴും സ്ഥിരചിത്തത പ്രദാം ചെയ്യുമാറാകട്ടെ. നമ്മുടെ വിശ്വാസത്തെ അവന്റെ കാരുണ്യംകൊണ്ട് വർദ്ധിപ്പിക്കുമാറാകട്ടെ. റഹ്മത്ത് (കാരുണ്യം) ലഭിക്കുന്നതിന്നുള്ള പ്രാർത്ഥനയും അല്ലാഹു തന്നെയാണ് പഠിപ്പിച്ചത്. അല്ലാഹുവിനെ ആരാധിക്കുന്നവർക്കും ആരാധനയിൽ മുൻകടക്കാൻ ആഗ്രഹിക്കുന്നവർക്കും മാത്രമേ അല്ലാഹുവിന്റെ റഹ്മത്ത് ലഭിക്കുകയുള്ളൂ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

*വിശുദ്ധ ഖുർആനിൽ ഒരു സ്ഥലത്ത് അല്ലാഹു അരുളുന്നു,* **വക്കാന ബിൽ മുഅ്മിനീന റഹീമ.** അല്ലാഹുവിന്റെ റഹീമിയ്യത്ത് വശ്വാസികൾക്ക് മാത്രമുള്ളതാണ്. *ഇതിൽനിന്ന് നിഷേധികൾക്കും തെമ്മാടികൾക്കും ഒന്നും ലഭിക്കുന്നതല്ല. മുഅ്മിനീങ്ങൾക്ക് അല്ലാഹു പ്രത്യേക കാരുണ്യം നൽകുന്നതാണ് എന്ന് പറഞ്ഞ സ്ഥലങ്ങളിലെല്ലാംതന്നെ അതിനെ അല്ലാഹുവിന്റെ റഹീമിയ്യത്ത് എന്ന സിഫത്തുമായി ബന്ധപ്പെടുത്തിയാണ് പറഞ്ഞിരിക്കുന്നത്.*

പറയുന്നു,

**ഇന്നറഹ്മത്തല്ലാഹി ഖരീബുമ്മിനൽ മുഹ്സിനീൻ**

അല്ലാഹുവിന്റെ റഹീമിയ്യത്ത് സദ്വൃത്തർക്ക് സമീപസ്ഥമാണ്.

മറ്റൊരു സ്ഥലത്ത് പറയുന്നു:

إِنَّ ٱلَّـذِينَ ءَامَـنُواْ وَٱلَّـذِينَ هَـاجَرُواْ وَجَـٰهَـدُواْ فِى سَبِيلِ ٱللَّهِ أُوْلَـٰٓئِكَ يَـرْجُونَ رَحْمَتَ ٱللَّهِ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٢١٨﴾

(2:219)

'വിശ്വസിക്കുകയും അല്ലാഹുവിനുവേണ്ടി സ്വന്തം ദേശം വെടിയുകയും അതല്ലെങ്കിൽ ദേഹേച്ഛകളുടെ അടിമത്തത്തിൽ നിന്നും മോചിതരാവുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പ്രയത്നിക്കുകയും ചെയ്തവർ അല്ലാഹുവിന്റെ റഹീമിയ്യത്തിനെ പ്രതീക്ഷിച്ചിരിക്കുന്നവരാണ്. അല്ലാഹു ഗഫൂറാണ്, റഹീമാണ്. അതായത് അല്ലാഹുവിന്റെ റഹീമിയ്യത്ത് എന്ന പ്രത്യേകഗുണം അതിന്ന് അർഹരായവർക്കാണ് ലഭിക്കുക. അല്ലാഹുവിനെ അന്വേഷിക്കുന്നവർക്ക് ഒരിക്കലും അവനെ ലഭിക്കാതിരുന്നിട്ടില്ല.'

ഇതിൽനിന്നെല്ലാം നമുക്ക് ഒരുകാര്യം വ്യക്തമാകുന്നു. അതായത് റഹ്മത്ത് എന്നത് അല്ലാഹുവിൽ നിന്നാണ് വരുന്നതെങ്കിലും വിശ്വാസത്തിൽ വർദ്ധനവുണ്ടാക്കാൻ ആഗ്രഹിക്കുന്നവർക്കാണ് അത് ലഭിക്കുന്നത്. സദ്വൃത്തരുടെ ഗണത്തിൽ ഉൾപ്പെടു ന്നതിന്നായി അക്കൂട്ടർ പ്രയത്നിക്കുകയും ചെയ്യുന്നു. അതുകൊണ്ട് അല്ലാഹുതആലയുടെ റഹ്മത്ത് കരസ്ഥമാക്കുന്നതിന്നായി ദുആയോടുകൂടി എല്ലാവിധ വക്രതകളിൽ നിന്നും രക്ഷപ്പെടുന്നതിന്ന് പരിശ്രമിച്ചു കൊണ്ടിരിക്കേണ്ടതാണ്. അതോടൊപ്പം സദ്വൃത്തരിൽ ഉൾപ്പെടാൻ പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. അവർ തങ്ങളുടെ സദ്പ്രവർത്തനങ്ങളെ ഉന്നത നിലവാരത്തിലെത്തിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നവരായിരിക്കും. അല്ലാഹു സദാ നമ്മെ കാണുന്നുണ്ട് എന്ന് തിരുദൂതർ (സ) അരുളിയത് മനസ്സിൽ വെച്ചുകൊണ്ടാണ് അവർ എപ്പോഴും പ്രവർത്തിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ, അവർ ദേഹേച്ഛകളുടെ അടിമത്ത്വത്തിൽനിന്ന് മോചനം കൈവരിക്കുന്നവരും സദ്പ്രവൃത്തികൾ മുഖേന അല്ലാഹുവിന്റെ പ്രീതി കൈവരിക്കാൻ പ്രയത്നിക്കുന്നവരുമായിരിക്കും. നമ്മുടെ ആരാധനകളും നമ്മുടെ പ്രവർത്തനങ്ങളും സംരക്ഷിച്ചുകൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കുമ്പിട്ടുകൊണ്ട് എപ്പോഴും ദേഹേച്ഛകളിൽ അടിപ്പെട്ടുപോകുന്നതിൽനിന്നും സുരക്ഷിതരായിരിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. എല്ലാവിധ വക്രതകളിൽനിന്നും അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ട് രക്ഷപ്പെടുന്നവരായിത്തീരട്ടെ.

അല്ലാഹുവിന്റെ കാരുണ്യത്തിൽനിന്ന് അവൻ നമുക്ക് കനിഞ്ഞരുളിയിരിക്കുന്ന അനുഗ്രഹങ്ങളെ വിലമതിക്കുന്നവരായി നാംമാറട്ടെ. ഈ അനുഗ്രഹങ്ങൾ നമ്മിലും നമ്മുടെ സന്താനങ്ങളിലും വർദ്ധിച്ചു കൊണ്ടിരിക്കുമാറാകട്ടെ.

എന്റെ യാത്രയുമായി ബന്ധപ്പെട്ടുകൊണ്ട് ദുആക്കുള്ള ഒരപേക്ഷകൂടി ഞാൻ നടത്താൻ ആഗ്രഹി

ക്കുന്നു. ഇൻശാ അല്ലാഹ് നിങ്ങൾക്കറിയാവുന്നതു പോലെ ഞാൻ ഖാദിയാനിലേക്ക് പോകുകയാണ്. ഖാദിയാനിൽ ജൽസയാണ്. അതിന്റെ വിജയത്തിനായും അത് അനുഗ്രഹപൂർണ്ണമാകുന്നതിന്നും ദുആ ചെയ്യാൻ അപേക്ഷിക്കുന്നു. എല്ലാ ഉപദ്രവങ്ങളിൽനിന്നും ഓരോ അഹ്മദിയേയും അല്ലാഹു സംരക്ഷിക്കുമാറാകട്ടെ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ജനങ്ങൾ അവിടേക്ക് പോകുന്നതാണ് ഇൻശാ അല്ലാഹ്. ഇന്ത്യാ ഗവൺമെന്റിന് ചില സാഹചര്യങ്ങൾ കാരണം കൂടുതൽ വിസകൾ അനുവദിക്കാൻ പ്രയാസമുണ്ട്. അതിനാൽ ചില വിസകൾക്ക് തടസ്സം നേരിടുന്നുണ്ട്. എന്തായിരുന്നാലും ചിലർക്ക് കിട്ടിയിട്ടുണ്ട്. ചിലർ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഗവൺമെന്റ് വളരെയധികം സഹകരിച്ചിട്ടുണ്ട്. അവിടേക്ക് പോകുന്ന എല്ലാവരെയും അല്ലാഹു തന്റെ സംരക്ഷണത്തിൽ നിലനിർത്തട്ടെ. ആഗ്രഹമുണ്ടായിട്ടും വിസയുടെയും മറ്റും തടസ്സങ്ങൾ കാരണം പോകാൻ സാധിക്കാത്തവർക്ക് അവരുടെ നിയ്യത്തനുസരിച്ച് അല്ലാഹു പ്രതിഫലം നൽകുമാറാകട്ടെ. നിങ്ങൾ സ്ഥിരമായി ദുആ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹു അസൂയാലുക്കളിൽനിന്നും ഉപദ്രവകാരികളിൽനിന്നും എപ്പോഴും നമ്മെ സംരക്ഷിക്കുമാറാകട്ടെ. കാരണം ഇക്കൂട്ടരുടെ ദൃഷ്ടികൾ എപ്പോഴും ജമാഅത്തിലേക്കാണ് പതിയുന്നത്. ഖാദിയാൻവാസികളെയും അല്ലാഹു എല്ലാവിധ ഉപദ്രവങ്ങളിൽനിന്നും രക്ഷിക്കുമാറാകട്ടെ.

ഖാദിയാൻ കൂടാതെ ഇന്ത്യയിലെ ദൂരെ ദൂരെയുള്ള ചില ജമാഅത്തുകളുടെ ആഗ്രഹമാണ് ഞാൻ അവിടെ പോകണമെന്നത്. ചിലർക്ക് ഖാദിയാനിൽ വരാൻ കഴിയില്ല. ഇന്ത്യ ഒരു വിശാലമായ രാഷ്ട്രമാണ്. ദരിദ്രരാണ്. അതുകൊണ്ട് എല്ലാവർക്കും ഖാദിയാനിൽ വരാൻ പറ്റില്ല. ഇൻശാ അല്ലാഹ് മറ്റു ചില പട്ടണങ്ങളിലും പോകാനുള്ള പദ്ധതിയുണ്ട്. ഈ പട്ടണങ്ങളിലെ പ്രോഗ്രാമുകളും അല്ലാഹു തആല സർവ്വവിധേനയും വിജയപ്രദമാക്കുമാറാകട്ടെ. എന്റെ ഈ സന്ദർശനം അതിരറ്റ അനുഗ്രഹത്തിന് കാരണമായിത്തീരട്ടെ. അതിനെ സ്വരുക്കൂട്ടുന്നതായിത്തീരട്ടെ. ശത്രുക്കളുടെ ഒരോ തന്ത്രവും അല്ലാഹു പരാജയപ്പെടുത്തുമാറാകട്ടെ. ജമാഅത്തിന്റെ വിജയം നമുക്ക് എപ്പോഴും ദർശിക്കാൻ സാധിക്കുമാറാകട്ടെ. ഒരിക്കലും അവന്റെ കാരുണ്യത്തിൽ നിന്നും തൃപ്തിയിൽനിന്നും നാം അകറ്റപ്പെടാതിരിക്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം രണ്ട് ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. ഒന്ന് നമ്മുടെ ദർവേശ് സഹോദരൻ ജ. ബശീർ അഹ്മദ് സാഹിബ് മൊഹാറിന്റെതാണ്. അദ്ദേഹം ഖാദിയാനിൽ തന്റെ ജീവിതം കഴിച്ചുക്കൂട്ടി. നവംബർ 13-നാണ് അദ്ദേഹം വഫാത്തായത്. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ. അദ്ദേഹം തുടക്കത്തിലെ ദർവേശുമാരിൽ ഉൾപ്പെടുന്നു. അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തനായിക്കൊണ്ട് ജീവിതം മുഴുവനും ദർവേശായിക്കൊണ്ട് ജീവിച്ചു. അദ്ദേഹത്തിന് പാക്കിസ്ഥാനിൽ താമസിക്കാനുള്ള രണ്ട് മൂന്ന് അവസരങ്ങൾ ലഭിച്ചതായിരുന്നു. അവിടെ കുടുംബങ്ങളും സ്വത്തും എല്ലാം ഉള്ളതാണ്.എന്നിട്ടും അദ്ദേഹം പറഞ്ഞത്, ഇല്ല ഞാൻ ഖാദിയാനിൽ തന്നെ താമസിക്കുന്നതാണ്, ഇവിടെയാണ് ഞാൻ ജീവിക്കുന്നതും ഇനി മരിക്കുന്നതും എന്നാണ്. സദ്സ്വഭാവിയും സരള പ്രകൃതനും നമസ്കാരത്തിൽ കൃത്യനിഷ്ഠനും തഹജ്ജുദ് അനുഷ്ഠിക്കുന്ന ആളുമായിരുന്നു. പ്രാർത്ഥനാ നിരതനും നിശബ്ദ ജീവിതം നയിക്കുന്ന ആളുമായിരുന്നു. ഖിലാഫത്തിനോട് വലിയ പ്രേമമായിരുന്നു. ഏതൊരു പദ്ധതിക്കും ലബ്ബൈക്ക് പറഞ്ഞിരുന്നു. അഞ്ച് പെൺകുട്ടികളും ഒരാൺകുട്ടിയും അദ്ദേഹത്തിനുണ്ട്. മൂസി ആയിരുന്നു. അവിടെ ഖാദിയാനിൽ ദർവേശുമാരെ മറയടക്കുന്ന പ്രത്യേക സ്ഥലത്താണ് അദ്ദേഹത്തെ മറയടക്കിയിരിക്കുന്നത്. അല്ലാഹുതആലാ അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. എപ്പോഴും തന്റെ സ്നേഹദൃഷ്ടി അദ്ദേഹത്തിൽ പതിപ്പിക്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ ജ.മുഹമ്മദ് ഗസൻപൂർ ഛഢ സാഹിബിന്റെതാണ്. മുഹറൻ വാലയിൽ ഇൻസ്പെക്ടർ ബൈത്തുൽമാൽ ആയി നസാറത്ത് നിയമിച്ചതായിരുന്നു. ജില്ലാബിഹാടിയിൽ സന്ദർശനം നടത്തിക്കൊണ്ടിരിക്കുമ്പോൾ നവംബർ 18ന് അജ്ഞാതരായ രണ്ട് ബൈക്ക് യാത്രക്കാർ വന്ന് അദ്ദേഹത്തിന്റെ കൈയ്യിൽ നിന്ന് ബേഗ് തട്ടിയെടുക്കാൻ ശ്രമിച്ചെങ്കിലും അത് തടഞ്ഞപ്പോൾ അദ്ദേഹത്തെ അവർ വെടിവെക്കുകയും അദ്ദേഹം ശഹീദാവുകയും ചെയ്തു. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ. അദ്ദേഹത്തിന് 56 വയസ്സായിരുന്നു. ബിഹാടി ആയിരുന്നു അദ്ദേഹത്തിന്റെ സ്ഥലം. അതുകൊണ്ട് ഞാൻ ഇതും ജമാഅത്തിന്റെ ശഹാദത്തായി കൂട്ടുന്നു. കാരണം ആ ബാഗിൽ ജമാഅത്തിന്റെ റിക്കാർഡുകളും വസ്തുക്കളുമായിരുന്നു ഉണ്ടായിരുന്നത്. പണവും ഉണ്ടായിരുന്നിരിക്കാം. അതുകൊണ്ട് ഇത് ജമാഅത്തിന്റെ ശഹാദത്തായി കൂട്ടേണ്ടതാണ്. വെറും കൊള്ളകൊണ്ടുള്ള കൊലപാതകമല്ല ഇത്. അല്ലാഹു ഇദ്ദേഹത്തോടും മഗ്ഫിറത്ത് ചെയ്യുമാറാകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ.


**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് - എറണാകുളം
**PHONE : 94461 51197**

**KHUTHBA:**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 21 -11 - 2008 at**
**Baitul Futuh,UK**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**